"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ ആയുർവേദ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് കോഴിക്കോട് കേരള ആയുർവേദ കോപ്പറേറ്റീവ് സൊസൈറ്റിക്കുള്ള അനുമതി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.3144/2022/LSGD തീയതി,തിരുവനന്തപുരം, 20-12-2022

പരാമർശം:-

1. സ.ഉ. (എം.എസ്.) നം.321/08/ത.സ്വ.ഭ.വ; തീയതി 04.12.2008
2. സ.ഉ.(സാധാ) നം.82/2022/ത.സ്വ.ഭ.വ; തീയതി 11/01/2022
3. കേരള ആയുർവേദിക് കോഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറിയുടെ 14.09.2022ലെ 1073/09/2022 നമ്പർ അപേക്ഷ
4. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 31/10/2022ലെ DISM/1874/2022-C2 നമ്പർ റിപ്പോർട്ട്
5. പഞ്ചായത്ത് ഡയറക്ടറുടെ 31/10/2022ലെ PAN/16670/2021-J1(DP) നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് കോഴിക്കോട് ജില്ലയിലെ കേരള ആയുർവേദിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ള അനുമതി കാലാകാലങ്ങളിൽ പുതുക്കി നൽകി വരുന്നുണ്ട്. പരാമർശം (2) ഉത്തരവ് പ്രകാരം മേൽ പ്രകാരം ആയുർവേദ ആശുപത്രികളിൽ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് കേരള ആയുർവേദിക് കോ-ഓപ്പറേറ്റിവ് സൊസൈറ്റിക്ക് 23/12/2022 വരെയാണ് അനുമതി നൽകിയിട്ടുള്ളത്.

2. അനുമതി നൽകിയിട്ടുള്ളത് പ്രകാരം സർക്കാർ ആയുർവേദ ആശുപത്രികളിൽ കാര്യക്ഷമമായും ഔഷധിക്ക് സമാനമായ വിലയിലും ഗുണമേന്മയേറിയ ഔഷധം സ്ഥാപനം വിതരണം ചെയ്തുവരുന്നുണ്ടെന്നും സ്ഥാപനത്തിന് മരുന്ന് നിർമ്മാണത്തിനും വിതരണത്തിനും അനുവദിച്ചിട്ടുള്ള ജി.എം.പി. സർട്ടിഫിക്കറ്റിന്റെ കാലാവധിയായ 31.12.2025 വരെ മരുന്ന് വിതരണം നടത്തുന്നതിന് അനുമതി ഉത്തരവ് നൽകണമെന്നും കേരള ആയുർവേദിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറി പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. കേരള ആയുർവേദിക് കോഓപ്പറേറ്റീവ് സൊസൈറ്റി ഉല്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ആയുർവേദ മരുന്നുകൾ തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ സ്ഥാപനങ്ങളിൽ വിതരണം ചെയ്യുന്നതിന് സ്ഥാപനത്തിനുള്ള അനുമതി ഉത്തരവ് ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി

നല്കാവുന്നതാണെന്ന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്. സഹകരണ സ്ഥാപനമായതിനാൽ, വകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്കിൽ അധികരിക്കാതെ പ്രസ്തുത സ്ഥാപനം തനതായി ഉത്പാദിപ്പിക്കുന്നതും സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ അംഗീകാരം ഉള്ളതുമായ ആയുർവേദ ഔഷധങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ വിതരണം ചെയ്യുന്നതിനുള്ള അനുമതി നീട്ടി നൽകാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരവും ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്കിൽ അധികരിക്കാതെ, കേരള ആയുർവേദ കോ-ഓപ്പറേറ്റിവ് സൊസൈറ്റി തനതായി ഉത്പാദിപ്പിക്കുന്നതും സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ അംഗീകാരം ഉള്ളതുമായ ആയുർവേദ ഔഷധങ്ങൾ, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ വിതരണം ചെയ്യുന്നതിന് കോഴിക്കോട് ജില്ലയിലെ കേരള ആയുർവേദ കോപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുള്ള അനുമതി, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓർഡർ സമയബന്ധിതമായി നൽകുന്നുണ്ടെന്ന ഉറപ്പിന്മേൽ, 24.12.2022 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEKALA R
അണ്ടർ സെക്രട്ടറി

സെക്രട്ടറി, കേരള ആയുർവേദിക് കോഓപ്പറേറ്റീവ് സൊസൈറ്റി, മീഞ്ചന്ത, കോഴിക്കോട് - 673 018
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
ഗ്രാമവികസന കമ്മീഷണർ
ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്
ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ ജനറൽ, കില
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sureshkumar K
Date: 21-12-2022 10:43:30

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്